(ബി) സംസ്ഥാനത്ത് 1555 വനിതാ ഗുണഭോക്താക്കൾക്കാണ് പ്രസ്തുത പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഒരു ക്ലസ്റ്റർ യൂണിറ്റിൽ അഞ്ച് വനിതാ ഗുണഭോക്താക്കൾ വീതം 311 യൂണിറ്റുകളെ തെരഞ്ഞെടുക്കുന്നതിന് ജില്ലാതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

പൊതുവിപണിയിൽ അരിയുടെ വിലവർദ്ധന

17 (*17) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിപണിയിൽ അരിയുടെ വില വർദ്ധന തടയുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ജനപ്രിയ ബ്രാൻഡുകളായ ജയ, സുരേഖ എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) സപ്ലൈകോയുടെ എല്ലാ വിപണന കേന്ദ്രങ്ങളിലൂടെയും മെച്ചപ്പെട്ട അരി വിതരണം ചെയ്യുമോ ;

(ഡി) പ്രതിമാസം എത്ര ടൺ അരി വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) പി.ഡി.എസ്. ആട്ടയും സപ്ലൈകോ സ്റ്റാളുകൾവഴി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) പൊതുവിപണിയിൽ നിലനിൽക്കുന്ന അരിവില വർദ്ധന തടയാൻ സപ്ലൈകോ വിൽപ്പനശാലകൾവഴി മിതമായ നിരക്കിൽ അരി വിതരണം ചെയ്യുന്നുണ്ട്. പുഴുക്കലരി, പച്ചരി എന്നിവ കിലോഗ്രാമിന് 12.70 രൂപ നിരക്കിലാണ് വിതരണം ചെയ്തുവരുന്നത്. ഇതിനു പുറമേ മാവേലി പച്ചരി (സോർട്ടക്സ്), മാവേലി ബോധന അരി (സോർട്ടക്സ്), മാവേലി മട്ട (സോർട്ടക്സ്) എന്നീ ഇനങ്ങളിലുള്ള അരിയും പൊതുവിപണിയേക്കാൾ ശരാശരി 18% വിലക്കുറവിൽ വിതരണം നടത്തി വരുന്നു. മിതമായ വിലയ്ക്ക് ഈ രീതിയിൽ കൂടുതൽ അരി വിപണിയിലെത്തുന്നതുമൂലം, അരിയുടെ ദൗർലഭ്യം ഒഴിവാക്കുകയും വിപണിയിലെ വില ഒരു പരിധിവരെ നിയന്ത്രിക്കാനും കഴിയും.

(ബി) ജയ, സുരേഖ എന്നീയിനങ്ങളിൽപ്പെട്ട അരി കിലോഗ്രാമിന് 16 രൂപയ്ക്ക് വിൽക്കുവാനുള്ള ഒരു പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സപ്ലൈകോയുടെ എല്ലാ വിപണനകേന്ദ്രങ്ങളിലും ഗുണമേന്മയുള്ള അരി വിതരണം ചെയ്യുവാനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

(ഡി) സബ്സിഡി നിരക്കിൽ അരി വിൽക്കുന്നതിൽ നിന്ന് 2010-11 വർഷത്തെ നഷ്ടം സർക്കാർ അനുവദിച്ചിട്ടുള്ള തുകയായ 10 കോടി രൂപ അധികരിക്കാത്ത രീതിയിൽ അരിയുടെ അളവ് ക്രമീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ സർക്കാർ അനുവാദം ലഭിക്കുന്ന മുറയ്ക്കും വിൽപ്പനകേന്ദ്രങ്ങളിൽ നിന്നുള്ള ആവശ്യകതയുടെ അടിസ്ഥാനത്തിലും അരിവിതരണം നടത്താനുള്ള നടപടി എടുക്കുന്നതാണ്.

(ഇ) സപ്ലൈകോ ഹോർട്ടികൈഡ് ആട്ട സപ്ലൈകോ വിപണന കേന്ദ്രങ്ങളിലൂടെ വിതരണം നടത്തുന്നതിനുള്ള അനുമതി കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇതുവരെ ലഭ്യമായിട്ടില്ല. കേരളത്തിലെ ഉപഭോക്താക്കൾക്ക് വളരെ പ്രയോജനപ്രദമായ വിധത്തിൽ ആട്ട സപ്ലൈകോ വിതരണ കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നതിനുവേണ്ടി കേന്ദ്രത്തിൽ സമ്മർദ്ധം ചെലുത്തി അനുമതി ലഭിക്കുന്നതിനു വേണ്ടി സപ്ലൈകോയും കേരള സർക്കാരും നിരന്തരശ്രമം നടത്തി വരികയാണ്.

കൊച്ചി ഇൻഫോപാർക്കിന്റെ രണ്ടാംഘട്ട വികസനം

18 (*18) ശ്രീ. സാജു പോൾ :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. എം. ജെ ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി ഇൻഫോപാർക്കിന്റെ രണ്ടാംഘട്ട വികസനത്തിനുള്ള മാസ്റ്റർ പ്ലാനിന്റെ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുക്കുന്നത് ; ഇതിനകം എത്ര ഏക്കർ സ്ഥലം ഏറ്റെടുത്തു എന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതിക്ക് മൊത്തം എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ;

(ഡി) പദ്ധതി പൂർത്തിയാകുമ്പോൾ എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഇ) പദ്ധതിയുടെ ഒന്നാംഘട്ടം എന്നത്തേക്ക് പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

LIBRARY ARCHIVES Kerala Legislative Assembly